KOLLAM CITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :24/10/ 2019

# അനധികൃതമായി കടത്തിയ റേഷൻ അരി പിടിച്ചെടുത്തു

കരിഞ്ചന്തയിൽ വിൽപ്പനയ്ക്കായി കൊണ്ടു പോയ 50 ചാക്ക് റേഷനരിയും വാഹനവും പോലീസ് പിടിച്ചെടുത്തു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിച്ച റേഷനരി ചാമക്കടയിൽ സംഭരിച്ച് എറണാകുളത്തേക്ക് കൊണ്ട് പോകുന്ന വഴിയാണ് പള്ളിത്തോട്ടം പോലീസ് പിടിച്ചെടുത്തത്. വിവിധ ഭാഗങ്ങളിൽ നിന്നും റേഷനരി ചാമക്കടയിലെ സംഭരണ കേന്ദ്രത്തിൽ എത്തിച്ച് കരിഞ്ചന്തയിൽ വിൽപ്പനയ്ക്കായി കൊണ്ട് പോകുന്നതായി ജില്ലാ പോലീസ് മേധാവി പി.കെ.മധു ഐ.പി.എസ്സിന് ലഭിച്ച രഹസ്യ വിവരം അപ്പോൾ തന്നെ കൺട്രോൾ റൂമിലേക്ക് കൈമാറുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടന്ന പരിശോധനയിലാണ് റേഷനരി കയറ്റി പോയ വാഹനം കൊല്ലം ലക്ഷ്മിനട ഭാഗത്ത് നിന്നും പിടികൂടിയത്. പള്ളിത്തോട്ടം പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർമാരായ പ്രദീപ്, രാജീവ് ചാമക്കട ട്രാഫിക്ക് ഔട്ട് പോസ്റ്റിലെ സിവിൽ പോലീസ് ഓഫീസർമാരായ പ്രശാന്ത്, ശരത് എന്നിവർ ചേർന്നാണ് വാഹനം പിടികൂടിയത്. 50 ചാക്ക് റേഷനരിയുമായി വന്ന വാഹനത്തിൽ ഉണ്ടായിരുന്ന മൂവാറ്റുപുഴ സ്വദേശിയായ ഷിഹാബുദ്ദീനെ അറസ്റ്റ് ചെയ്തു. പ്രതിയെ കോടതിയൽ ഹാജരാക്കുന്നതാണ്.

